LIBRARY ARCHIVES Kerala Legislative Assembly

കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയസംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതംമൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ തുടങ്ങി വായ്പയെടുത്ത ശേഷം മാരകരോഗം പിടിപെട്ടവരുടെ വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ 75,000 രൂപയുടെ ആനുകൂല്യം നൽകാനും പദ്ധതി ലക്ഷ്യമിടുന്നു.

(സി) കേരള സഹകരണ നിയമത്തിൽ വകുപ്പ് 57 (ഡി) പ്രകാരം റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തുകയും ആയത് നടപ്പിലാക്കുന്നതിന് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് രൂപീകരിക്കുകയും ചെയ്തു. റിസ്ക് ഫണ്ട് പദ്ധതി 1-4-2008 മുതൽ പ്രാബല്യത്തിൽ വരുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. റിസ്ക് ഫണ്ട് പദ്ധതി ബാധകമായ സഹകരണ സംഘങ്ങൾ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരേണ്ടതാണെന്നും റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരുന്നതിൽ വീഴ്ചയുണ്ടായാൽ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് വായ്പ നൽകാൻ അവകാശമുണ്ടായിരിക്കില്ലെന്നും വായ്പ നൽകുന്നതിൽനിന്നും പ്രസ്തുത സംഘങ്ങൾ/ബാങ്കുകൾക്ക് വിലക്ക് കൽപ്പിച്ച് ഉത്തവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരമുണ്ടെന്നും സഹകരണ നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി തൃശ്ശൂർ ജില്ലയിൽ ബോർഡിന് ഒരു മേഖലാ ഓഫീസ് തുടങ്ങിയിട്ടുണ്ട്. റിസ്ക് ഫണ്ട് പദ്ധതി സംബന്ധിച്ച് മാധ്യമങ്ങൾ മുഖേന പ്രചരണം നൽകിയിട്ടുണ്ട്. സ്കീം സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാ അംഗസംഘങ്ങൾക്കും സർക്കിൾ സഹകരണ യൂണിയനുകൾക്കും അയച്ചുകൊടുക്കുന്നത് ഉൾപ്പെടെ റിസ്ക് ഫണ്ട് പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം

120 (505) ശ്രീ. പി. എ. മാധവൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിക്ഷേപ ഗ്യാരണ്ടി സ്കീം നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സഹകരണ മേഖലയിൽ നിക്ഷേപങ്ങൾക്ക് സുരക്ഷ നൽകുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012 ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുകയാണ് സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ ലക്ഷ്യം. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന നിക്ഷേപം സ്വീകരിക്കുന്നതുമായ എല്ലാ സഹകരണ സംഘങ്ങളിലും ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപ വരെ ഗ്യാരന്റി നൽകുന്നതിനായി നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പിലാക്കുക എന്നതാണ് നിക്ഷേപ ഗ്യാരന്റി ബോർഡിന്റെ പ്രവർത്തനത്തിലൂടെ ഉദ്ദേശിക്കുന്നത്. വായ്പാ സംഘങ്ങളിലെ നിക്ഷേപകരുടെ നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുക, അതുവഴി നിക്ഷേപകർക്ക് സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുക, കൂടുതൽ നിക്ഷേപകരെ ആകർഷിക്കുക തുടങ്ങിയവയാണ് ബോർഡിന്റെ മുഖ്യലക്ഷ്യങ്ങൾ.

(സി) സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം ഫലപ്രദമായി നടപ്പാക്കാൻ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചു. നിക്ഷേപ ഗ്യാരന്റി സ്കീം ബാധകമായ എല്ലാ സഹകരണ സംഘങ്ങളും പ്രസ്തുത സ്കീമിൽ ചേരണമെന്നും സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കാനുള്ള അവകാശം നഷ്ടമാകുമെന്നും സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾ നിക്ഷേപം സ്വീകരിക്കുന്നതിൽനിന്നും വിലക്ക് കൽപ്പിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാറെ അധികാരപ്പെടുത്തുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയും കേരള സഹകരണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ ആവശ്യമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly